## കോളേജ് വിദ്യഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

**(ഹാജർ : ബിനു എസ് കെ)**

കോളേജ് വിദ്യാഭ്യാസ വകുപ്പ് ,തിരുവനന്തപുരം - ലാബ്/ലൈബ്രറി/ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലെ 2025 വർഷത്തെ പൊതു സ്ഥലമാറ്റം- ഭേദഗതി വരുത്തി ഉത്തരവാകുന്നു.

---

**DCETVM/7524/2025-C4** തീയതി: :29-09-2025

---

**പരാമർശം:-**

1.25/02/2017 ലെ സ.ഉ(പി) നമ്പർ 3/2017/ഉഭപവ

2.ഈ കാര്യാലയത്തിൽ നിന്നുള്ള 26/09/2025 തീയതിയിലെ ഇതേ നമ്പർ സ്പാർക്ക് അധിഷ്ഠിത പൊതുസ്ഥലംമാറ്റ അന്തിമ പട്ടിക

3.ശ്രീ സിബു ആർ ന്റെ 27.09.2025 ലെ അപേക്ഷ

### ഉത്തരവ്

കോളേജ് വിദ്യഭ്യാസ വകുപ്പിലെ 2025 വർഷത്തെ ലാബ്/ലൈബ്രറി/ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാരുടെ സ്പാർക്ക് അധിഷ്ഠിത അന്തിമ പൊതുസ്ഥലമാറ്റ പട്ടിക പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത പട്ടികയിൽ തിരുവനന്തപുരം ജില്ലയിൽ ഒഴിവുണ്ടായിട്ടും ജില്ലയ്ക്ക് പുറത്തേയ്ക്ക് സ്ഥലം മാറ്റം നൽകുകയാണ് ഉണ്ടായതെന്നും ആയതിനാൽ തിരുവനന്തപുരം ജില്ലയിലേയ്ക്ക് മാറ്റി നിയമിച്ച് ഉത്തരവാകണമെന്നും ആവശ്യപ്പെട്ട് ആറ്റിങ്ങൽ സർക്കാർ കോളേജിലെ ലൈബ്രറി അസിസ്റ്റന്റ് ശ്രീ സിബു ആർ പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

സ്പാർക്ക് അധിഷ്ഠിത അന്തിമ പൊതുസ്ഥലമാറ്റ പട്ടിക പരിശോധിച്ചതിൽ തിരുവനന്തപുരം ഹോംസ്റ്റേഷൻകാരനായ ശ്രീ സിബു ആർ നു പാലക്കാട് ഗവണ്മെന്റ് വിക്ടോറിയ കോളേജിലേക്കും എറണാകുളം ഹോംസ്റ്റേഷൻകാരനായ ശ്രീ ബിനോയ് സി യ്ക്ക് തിരുവനന്തപുരം സർക്കാർ വനിതാ കോളേജിലേക്കും നിർബന്ധിത സ്ഥലംമാറ്റം നൽകപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹോം സ്റ്റേഷനിൽ ഒഴിവ് വരുമ്പോൾ പ്രസ്തുത ഒഴിവിൽ ഹോംസ്റ്റേഷൻകാരനെ പരിഗണിക്കാതെ മറ്റ് ഹോം സ്റ്റേഷൻ തെരഞ്ഞെടുത്ത സ്ഥലംമാറ്റ അപേക്ഷ സമർപ്പിക്കാത്ത ജീവനക്കാരനെ നിർബന്ധിത സ്ഥലമാറ്റം നൽകിയത് ക്രമ പ്രകാരമല്ല. ആയതിനാൽ തിരുവനന്തപുരം ജില്ലയിലെ ഒഴിവിലേയ്ക്ക് ശ്രീ സിബു ആർ നെ പരിഗണിക്കേണ്ടതുണ്ട്. ടിയാന്റെ പരാമർശം (3) അപേക്ഷ പരിഗണിച്ച് ചുവടെ പറയും പ്രകാരം ജീവനക്കാർക്ക് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് ,തസ്തിക , സ്ഥാപനം | പരാമർശം 2 പ്രകാരം സ്ഥലംമാറ്റം നൽകിയ സ്ഥാപനം | നിലവിൽ സ്ഥലംമാറ്റം നൽകുന്ന സ്ഥാപനം |
|---|---|---|---|
| 1 | ശ്രീ സിബു ആർ , ലൈബ്രറി അസിസ്റ്റന്റ് സർക്കാർ കോളേജ് , ആറ്റിങ്ങൽ | ഗവണ്മെന്റ് വിക്ടോറിയ കോളേജ് , പാലക്കാട് | സർക്കാർ വനിതാ കോളേജ് ,തിരുവനന്തപുരം |
| 2 | ശ്രീ ബിനോയ് സി ലൈബ്രറി അസിസ്റ്റന്റ് മഹാരാജാസ് കോളേജ് , എറണാകുളം | സർക്കാർ വനിതാ കോളേജ് ,തിരുവനന്തപുരം | ഗവണ്മെന്റ് വിക്ടോറിയ കോളേജ് , പാലക്കാട് |

പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ച അന്തിമ പൊതു സ്ഥലമാറ്റം മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

മേൽ ജീവനക്കാർ നിലവിൽ സേവനമനുഷ്ഠിക്കുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ വാങ്ങി സ്ഥലംമാറ്റം ലഭിച്ച സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ജീവനക്കാർ വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിച്ചതുമായ വിവരങ്ങൾ ഈ കാര്യാലയത്തിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

Sd/-

Signed by
S K Binu
Date: 29-09-2025 19:57:33

Binu S K
SENIOR ADMINISTRATIVE OFFICER

പകർപ്പ് :

1.ബന്ധപ്പെട്ട സ്ഥാപന മേധാവികൾ /ജീവനക്കാർ

2.വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി